# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

**നം.പി.ആർ. 33/2026** **തിരുവനന്തപുരം, തീയതി: 13/02/2026**

## പത്രക്കുറിപ്പ്

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2026 മാർച്ച് 17 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ രജിസ്ട്രേഷൻ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2026 ഫെബ്രുവരിയിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എംബിഎ (മേഴ്സിചാൻസ് – 2018, 2019 അഡ്മിഷൻ) ബിരുദ പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2026 ഫെബ്രുവരിയിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എംബിഎ (സപ്ലിമെന്ററി – 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2018, 2019 അഡ്മിഷൻ) ബിരുദ പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎസ്സി മാത്തമാറ്റിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ഫെബ്രുവരി 20 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (M.Lib.I.Sc) ജനുവരി 2026 പരീക്ഷയുടെ (LISM – 54 – ഇൻഫർമേഷൻ ടെക്നോളജി ആപ്ലിക്കേഷൻസ്) പ്രാക്ടിക്കൽ 2026 ഫെബ്രുവരി 19, 20 തീയതികളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ എട്ടാം സെമസ്റ്റർ ബിടെക് 2018 സ്കീം (സപ്ലിമെന്ററി – 2019 അഡ്മിഷൻ), (മേഴ്സിചാൻസ് – 2018 അഡ്മിഷൻ), ഫെബ്രുവരി 2026 പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>സൂക്ഷ്മപരിശോധന</u>

കേരളസർവകലാശാല 2025 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 ഫെബ്രുവരി 16 മുതൽ 23 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ. V സെക്ഷനിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബിടെക് (2020 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 ഫെബ്രുവരി 17 മുതൽ 19 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII സെക്ഷനിൽ ഹാജരാകേണ്ടതാണ്.

# <u>മികച്ച ലൈബ്രേറിയൻ/അധ്യാപകർക്കുള്ള ഡോ.ജി.ദേവരാജൻ അവാർഡ്</u>

കേരളസർവകലാശാല ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് ഡിപ്പാർട്ട്മെന്റിലെ അലുംനൈ അസോസിയേഷൻ (AADLIS) പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന് മികച്ച ലൈബ്രേറിയൻ/ അധ്യാപകർക്കുള്ള 2025 വർഷത്തെ ജി.ദേവരാജൻ എൻഡോവ്മെന്റ് അവാർഡിന് അപേക്ഷകൾ /നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു.

അപേക്ഷകർക്ക് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. ഉയർന്ന യോഗ്യതകൾ, പ്രസിദ്ധീകരണങ്ങൾ (പുസ്തകങ്ങൾ/ജേണൽ ലേഖനങ്ങൾ മുതലായവ), പങ്കെടുത്ത/പേപ്പർ അവതരിപ്പിച്ച/ അധ്യക്ഷത വഹിച്ച/സംഘടിപ്പിച്ച സെമിനാറുകൾ, മറ്റു തുടർ വിദ്യാഭ്യാസ പരിപാടികൾ, ലൈബ്രറി പ്രൊഫഷണൽ എന്ന നിലയിൽ നൽകി കൊണ്ടിരിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ, മേഖലയിൽ സംഘടിപ്പിച്ച വിജ്ഞാന വ്യാപന പരിപാടികൾ, കോർപ്പറേറ്റ് ജീവിതം/ സമൂഹത്തിലേക്കുള്ള സംഭാവനകൾ എന്നിവയുടെ വിശദാംശങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. അപേക്ഷകൾ ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്, കേരള സർവകലാശാല, ഒന്നാം നില, സർവകലാശാല ലൈബ്രറി, യൂണിവേഴ്സിറ്റി (പി.ഒ), തിരുവനന്തപുരം 695034 എന്ന വിലാസത്തിൽ 2026 മാർച്ച് 1 ന് മുമ്പ് ലഭിക്കേണ്ടതാണ്. ഫോൺ : 9496812295.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**